**പുതിയ** പംക്തി

# നല്ല വീടുകളുടെ പെരുന്തച്ചൻ

**30 വർഷത്തിന്റെ ആർക്കിടെക്ചർ അനുഭവസമ്പത്തുമായി ഡോ. ബെന്നി കുര്യാക്കോസ് ഈ ലക്കം മുതൽ എഴുതുന്നു.**

**Profile**

**ഡോ. ബെന്നി കുര്യാക്കോസ്**

1984 ൽ ആർക്കിടെക്ചർ പ്രാക്ടീസ് തുടങ്ങി. യുകെയിലെ യോർക്ക് യൂണിവേഴ്സിറ്റിയിൽനിന്ന് പൈതൃകപഠനത്തിൽ പിജി, ചെന്നൈ ഐഐടിയിൽനിന്ന് ഡോക്ടറേറ്റ്. ചെന്നൈയിലെ ദക്ഷിൺചിത്ര, ലത്തൂരിലെ ഭൂകമ്പ ബാധിത പ്രദേശത്ത് മലയാള മനോരമ പുനഃസൃഷ്ടിച്ച ബനേഗാവ് ഗ്രാമം, നാഗപട്ടണത്തെ സൂനാമി ബാധിത പ്രദേശങ്ങളുടെ പുനരുദ്ധാരണം, മുസിരിസിലെ പൈതൃക കേന്ദ്രം, പാലിയം കൊട്ടാരം, പറവൂർ സിനഗോഗ്, കോട്ടപ്പുറം ഫോർട്ട്, കുന്നൂരിലെ ഗാബിൾസ് ബംഗ്ലാവ് എന്നിവയുടെ പുനരുദ്ധാരണം തുടങ്ങിയവ ബെന്നിയുടെ മികവു തെളിയിച്ച പ്രോജക്ടുകളാണ്. ലാറി ബേക്കറിനൊപ്പം പ്രവർത്തിച്ചു തുടങ്ങിയ ബെന്നി, അതിപ്രശസ്തരുടെ വീടുകളടക്കം നിരവധി കെട്ടിടങ്ങൾ ചെയ്തിട്ടുണ്ട്. ചെന്നൈയിൽ സ്ഥിരതാമസം.



വനിത വീടിൽ ആരംഭിക്കുന്ന പുതിയ പംക്തിയെപ്പറ്റി ഒരു ആമുഖം...

ഒരു വീട് പണിയുക എന്നത് എളുപ്പമുള്ള കാര്യമല്ല. മാത്രമല്ല, സ്വന്തം വീട് എന്നത് ഒരാളുടെ സ്വപ്നസാക്ഷാത്കാരം കൂടിയാണ്. എല്ലാവർക്കും വേണ്ടത് സുന്ദരവും അതേസമയം ജീവിക്കാൻ സുഖകരവുമായ വീടുകളാണ്. വീടുപണിയിൽ ആളുകൾ പലപ്പോഴും തെറ്റുകൾ വരുത്താറുണ്ട്, പണം പാഴാക്കാറുണ്ട്. ചില അവസരങ്ങളിൽ ചതിക്കപ്പെടാറുമുണ്ട്. ഈ പംക്തിയുടെ ഉദ്ദേശ്യം തന്നെ വീടു വയ്ക്കുന്നവർക്ക് വീടുപണിയെക്കുറിച്ചുള്ള ഒരു നല്ല ധാരണ കൈവരുത്തുക എന്നതും അവരെ സ്വപ്നസാക്ഷാത്കാരത്തിലേക്ക് കൂടുതൽ അടുപ്പിക്കുക എന്നതുമാണ്.

അറിവിനോടൊപ്പം പൈസ ലാഭിക്കാൻ കൂടി കഴിയുകയാണെങ്കിൽ വളരെ നല്ലത്. എന്താണ് ആഗ്രഹിക്കുന്നതെന്ന് നിങ്ങൾക്കുതന്നെ ധാരണയുണ്ടെങ്കിൽ, ആർക്കിടെക്ടിനോട് നിങ്ങൾ ഉദ്ദേശിക്കുന്ന കാര്യം ചോദിച്ചു വാങ്ങുകയും ചെയ്യാം. കരയുന്ന കുഞ്ഞിനേ പാലുള്ളൂ എന്നു പറയുന്നപോലെ...

വീടുപണിതവരെല്ലാം പറയുന്ന ഒരു കാര്യമുണ്ട് - ''അടുത്ത പ്രാവശ്യം വീടു പണിയുമ്പോൾ ഈ തെറ്റൊന്നും വരുത്തില്ല'' എന്നത്. എന്നാൽ സാധാരണയായി ഒരാൾ ആയുഷ്കാലത്തിൽ ഒരു വീടു മാത്രമേ പണിയാറുള്ളൂ.



**പുറംകാഴ്ചയിലല്ല, സൗകര്യവും ഉപയോഗക്ഷമതയും തുളുമ്പുന്ന വീടുകളിലാണ് ജീവിതം കൂടുതൽ സുഖകരമാകുന്നത്.**

**ബേക്കറിനൊപ്പമുള്ള ജോലിയും ആദ്യ വർഷങ്ങളും...**

ലാറി ബേക്കറിനൊപ്പം ജോലി ചെയ്തതിൽനിന്നാണ് ഞാൻ ഒരുപാടു കാര്യങ്ങൾ പഠിച്ചത്. ബേക്കർ ഒരു നല്ല ആർക്കിടെക്ട് മാത്രമല്ല, മികച്ച അധ്യാപകൻ കൂടിയാണ്.

സൂക്ഷ്മമായ കാര്യങ്ങളിൽ വരെ അദ്ദേഹം ശ്രദ്ധ ചെലുത്തിയിരുന്നു. നിർമാണവസ്തുക്കളെക്കുറിച്ച് അദ്ദേഹത്തിന് നല്ല അവഗാഹമായിരുന്നു. പണിസ്ഥലത്തുവച്ചും അദ്ദേഹം ഒരുപാടു തീരുമാനങ്ങൾ എടുത്തിരുന്നു. അദ്ദേഹത്തിന്റെ കൂടെയായിരുന്നപ്പോൾ മുൻപു പഠിച്ചതു പലതും എനിക്കു തിരുത്തിക്കുറിക്കേണ്ടി വന്നു.

**എലിവേഷന് കൊടുക്കപ്പെടുന്ന അമിതപ്രാധാന്യം...**

നിർഭാഗ്യവശാൽ, പുറംകാഴ്ചയ്ക്കാണ് ഇന്ന് പലരും അമിത പ്രാധാന്യം കൊടുക്കുന്നത്. പക്ഷേ, പുറംകാഴ്ചയിലല്ല കാര്യം. സൗകര്യത്തിനും ഉപയോഗക്ഷമതയ്ക്കും വേണം കൂടുതൽ പ്രാധാന്യം.

എലിവേഷനിൽ അമിതമായി ശ്രദ്ധിക്കുമ്പോൾ സൗകര്യവും ഉപയോഗക്ഷമതയും പിറകിലായി പോകും. ഭൗതികമായ ആവശ്യങ്ങൾ ഉൾക്കൊള്ളിക്കുക എന്നത് വളരെ എളുപ്പമാണ്. പക്ഷേ, ആർക്കിടെക്ചറിനും വീടിന്റെ ഡിസൈനിനും മറ്റു പല തലങ്ങൾ കൂടിയുണ്ട്.

ഉപയോഗിക്കാൻ എളുപ്പമുള്ള രീതിയിലായിരിക്കണം വീടിന്റെ ഡിസൈൻ. അത് ജീവിതത്തെ വലിയ രീതിയിൽ സ്വാധീനിക്കും. നിങ്ങൾ കുട്ടികളുമായി എങ്ങനെ പെരുമാറുമെന്ന് വീടിന്റെ ഡിസൈൻ തീരുമാനിക്കും. നിങ്ങളും നിങ്ങളുടെ കുട്ടികളും രണ്ടു നിലകളിലാണ് ജീവിക്കുന്നതെങ്കിൽ പരസ്പരബന്ധം കുത്തനെ താഴെ വരും.

**പരമ്പരാഗത കെട്ടിടനിർമാണശൈലിയെക്കുറിച്ച്...**

ബേക്കറിനൊപ്പം പ്രവർത്തിച്ചിരുന്ന സമയത്ത് പരമ്പരാഗത ആർക്കിടെക്ചറിനോട് എനിക്ക് കൂടുതൽ ഇഷ്ടം തോന്നി. അത്തരത്തിലുള്ള നിരവധി കെട്ടിടങ്ങളും ആ സമയത്ത് സന്ദർശിക്കുകയുണ്ടായി. പത്മനാഭപുരം കൊട്ടാരത്തിൽ പല പ്രാവശ്യം പോയിട്ടുണ്ട്. അദ്ഭുതം തോന്നിയിട്ടുണ്ട്, ഇവയെല്ലാം എത്ര സുന്ദരവും ലളിതവും സുഖകരവുമാണ്! ഇവയൊക്കെ സൃഷ്ടിച്ച നമ്മുടെ പഴയ ആശാരിമാർ ഒരിക്കലും തിരിച്ചറിഞ്ഞിട്ടുണ്ടാവില്ല, അവർ 'മാസ്റ്റർപീസുകളാ'ണ് സൃഷ്ടിച്ചിരിക്കുന്നതെന്ന്. അവർ ഒരിക്കലും ആർ



**വീട്ടുകാർ തമ്മിലുള്ള പരസ്പര ബന്ധത്തെ കൂട്ടിയിണക്കുന്നതും ചേർത്തുനിർത്തുന്നതുമായിരിക്കണം നല്ല വീടുകൾ.**

ക്കിടെക്ചർ എന്താണെന്ന് പ്രഘോഷിച്ചു നടന്നില്ല, പക്ഷേ അത് എന്താണെന്ന് കാണിച്ചുകൊടുത്തു. അവർ പുറംകാഴ്ചയ്ക്കു പ്രത്യേകമായ ഒരു പ്രാധാന്യവും കൊടുത്തില്ല, എന്നിട്ടും എലിവേഷൻ എന്ന പുറംകാഴ്ച സുന്ദരമായി ഉരുത്തിരിഞ്ഞുവന്നു.

നാം നമ്മുടെ പാരമ്പര്യത്തെപ്പറ്റി മറക്കുന്നു. പരമ്പരാഗതമായ ആർക്കിടെക്ചർ ശൈലിയിൽനിന്ന് നമുക്കു പഠിക്കാൻ എത്രയോ പാഠങ്ങളുണ്ട്!

**വീട്ടുകാരുടെ റോൾ എന്തായിരിക്കണമെന്നത്...**

ഓരോരുത്തർക്കു വേണ്ടി പ്രത്യേകമായി സൃഷ്ടിക്കപ്പെടുന്നതാണ് വീട് എന്നാണു ഞാൻ കരുതുന്നത്. പ്രശസ്ത ആർക്കിടെക്ട് ലേ കോർബുസിയർ പറഞ്ഞപോലെ, 'ജീവിക്കാൻ വേണ്ട ഒരു യന്ത്രമാണ് വീട്' എന്നു ഞാൻ വിശ്വസിക്കുന്നില്ല.

ഒരുവൻ തന്റെ സ്വപ്നമാണ് സാക്ഷാത്കരിക്കുന്നത്. അയാൾ കൂടുതൽ സമയം ചെലവഴിക്കുന്നതും സ്വന്തം ഭവനത്തിലാണ്. ഓരോരുത്തരുടെയും ആവശ്യങ്ങൾ മാറിക്കൊണ്ടിരിക്കും. ഒരാളുടെ ആവശ്യങ്ങളായിരിക്കണം ആ വീട്ടിൽ പ്രതിഫലിക്കേണ്ടത്. ചില ആളുകൾക്ക് പ്രത്യേകമായ സ്റ്റഡി ഏരിയ വേണം, മറ്റു ചിലർക്ക് അത് മാസ്റ്റർ ബെഡ്റൂമിനോടു ചേർന്നു മതിയായിരിക്കും. ഇനിയും ചിലർക്ക് അത് ഫാമിലി റൂമിനോടു ചേർന്നുവേണം എന്നായിരിക്കും. വായിക്കുകയോ എഴുതുകയോ ചെയ്യുമ്പോൾ മറ്റു ചിലർക്ക് ഏകാന്തതയായിരിക്കും താത്പര്യം.

വീടിന്റെ ഡിസൈൻ വിജയകരമാകണമെങ്കിൽ വീട്ടുകാരുടെ പങ്കാളിത്തം വളരെ അത്യാവശ്യമാണ്. ഇത് പല തരത്തിലാവാം. വ്യക്തിപരമായി പറഞ്ഞാൽ, എല്ലാ തീരുമാനങ്ങളുടെയും അവസാന വാക്ക് വീട്ടുകാർ ആയിരിക്കണം. കാരണം, അവരാണ് അത് ഉപയോഗിക്കാൻ പോകുന്നത്.

**വീടുകളുടെ ഡിസൈനിലെ വ്യത്യാസങ്ങൾ....**

ഓരോ വീട്ടുകാരന്റെയും ആവശ്യങ്ങൾ മനസ്സിലാക്കാൻ ഞാൻ ശ്രമിക്കാറുണ്ട്. ഓരോരുത്തരും വ്യത്യസ്തരാണ്, അതുകൊണ്ട് വീടുകളും വ്യത്യസ്തമാണ്. ഞാൻ ചെയ്യുന്ന കെട്ടിടങ്ങളിൽ എന്റെ ഇഷ്ടങ്ങൾ ഞാൻ അടിച്ചേൽപിക്കാറില്ല. ഓരോരുത്തരുടെ ആവശ്യങ്ങൾ അനുസരിച്ചാണ് ഡിസൈൻ എന്നതിനാൽ എന്റെ കെട്ടിടങ്ങളും വ്യത്യസ്തമായിരിക്കും. ഞാൻ എന്റെ ഇഷ്ടങ്ങൾക്ക് പ്രാധാന്യം കൊടുത്താൽ ഞാൻ ചെയ്യുന്ന വീടുകൾ ഏതാണ്ട് ഒരുപോലിരിക്കും. എനിക്കായി ഒരു വീടു പണിയുമ്പോൾ എന്റെ ഇഷ്ടങ്ങൾക്ക് ഞാൻ പ്രാധാന്യം കൊടുക്കും. ഒപ്പം എന്റെ ഭാര്യയുടെയും മക്കളുടെയും.

**സ്ത്രീകൾക്കു വേണ്ടിയും ഒരു കരുതൽ...**

സാധാരണയായി കാണുന്നത് ഭർത്താവിന് ഒരു ഓഫിസ് റൂം ഉണ്ടാവും, എന്നാൽ ജോലിക്കാരിയായ ഭാര്യയാണെങ്കിൽ കൂടി എഴുതാനും വായിക്കാനും ഒരു സ്ഥലം കാണണമെന്നില്ല. അവർക്കും അവരുടേതായ ഇടം വേണം. ''വീടു മുഴുവൻ അവളുടേതല്ലേ'' എന്ന ഡയലോഗ് മാത്രം പോരാ!

സിറ്റ്ഔട്ടുകളും വരാന്തകളും ഡിസൈൻ ചെയ്യുമ്പോൾ സ്ത്രീകൾക്കും സൗകര്യമായി ഉപയോഗിക്കാവുന്നതാവണം. മുതിർന്ന പെൺകുട്ടികൾക്കും കളിക്കാനും മറ്റും അവരുടേതായ സ്ഥലങ്ങൾ ആവാം. അടുക്കളയും ഡൈനിങ്ങും ഒരേ സ്ഥലത്താണെങ്കിൽ ഭർത്താവിനും ഭാര്യയ്ക്കും കൂടുതൽ സമയം ഒന്നിച്ചു കിട്ടും. വീട് ഡിസൈനിലെ ഇത്തരം കൊച്ചു കൊച്ചു കാര്യങ്ങൾ പരസ്പരബന്ധങ്ങൾ ഊഷ്മളമാക്കുമെന്ന് പഠനങ്ങൾ തെളിയിക്കുന്നു. ■

തയാറാക്കിയത്: **സോന തമ്പി**